

*Bismillah-ir-Rahman-ir-Rahim*

# MESSAGE OF THE KHALIFATULLAH

## HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

## 22 APRIL 2020

## THE ADVERSE EFFECTS OF MODERN TECHNOLOGY, & OBEDIENCE TO PARENTS

## ആധുനിക സാങ്കേതിക വിദ്യയുടെ വീപരീതഫലങ്ങളും, മാതാപിതാക്കളോടുള്ള അനുസരണവും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ആധുനിക സാങ്കേതിക വിദ്യയുടെ വീപരീതഫലങ്ങളും, മാതാപിതാക്കളോടുള്ള അനുസരണവും** എന്ന വിഷയത്തിലേക്കു കടന്നു.

പ്രിയ കുഞ്ഞുങ്ങളെ, രക്ഷാകർത്താക്കളെ, അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.

ഞാൻ, ഈ സന്ദേശം നിങ്ങൾക്കു നല്കുന്നത് ആധുനിക സാങ്കേതിക വിദ്യകളുടെ ഉല്പന്നങ്ങളായ ടെലിവിഷൻ, സ്മാർട്ട് ഫോൺ, കമ്പ്യൂട്ടർ തുടങ്ങിയവയുടെ അമിതമായ ദുരുപയോഗം വരുത്തിവെക്കുന്ന വിപരീതഫലങ്ങളെപറ്റി നിങ്ങളെ ബോധവാന്മാരാക്കുന്നതിനു വേണ്ടിയാണ്. ഇതു സംബന്ധമായി ദിവ്യസന്ദേശങ്ങൾ ലഭിച്ചു തുടങ്ങിയ കാലം മുതൽക്കു തന്നെ അല്ലാഹു എനിക്ക് അറിവുകൾ നല്കിക്കൊണ്ടിരിക്കുന്നു. 2020 ഏപ്രിൽ 3 വെള്ളിയാഴ്ചയും എനിയ്ക്ക് ഈ വിഷയം സംബന്ധിച്ച് വെളിപാടുകൾ ലഭിച്ചിരുന്നു. അന്നത്തെ ജുംആ ഖുത്തുബയിൽ ഞാനത് നിങ്ങളോട് പങ്കുവെയ്ക്കുകയും ചെയ്തിരുന്നു.

ഇന്ന് ഞാൻ നിങ്ങളുടെ ശ്രദ്ധ ഒരു പ്രത്യേക കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ഇന്ന് (03-ഏപ്രിൽ, 2020) രാവിലെ തഹജ്ജുദ് നമസ്കാരാനന്തരം ദുആയിലും, ദിക്റുകളിലും മുഴുകിയിരിക്കവേ, അല്ലാഹു എനിക്ക് ചില കാര്യങ്ങൾ വെളുപ്പെടുത്തിത്തന്നു. ഒരുപാട് ആളുകൾ രോഗബാധിതരായി വീഴുന്നു. ആ രോഗം അവരുടെ ഞര

മ്പുകളെ ബാധിക്കുകയും, അങ്ങനെ അവർ വിഷാദത്തിന് അടിമപ്പെടുകയും ചെയ്യുന്നു. ഇവർ ഫോണുകൾ തിരുകി റോഡുകളിലൂടെ നടക്കുന്നത് മായാലോകത്ത് അകപ്പെട്ടപോലെയാണ്. ഒരുസ്ഥലകാലബോധവുമില്ലാതെ വിഭ്രാന്തിയിലകപ്പെട്ടപോലെയാണ് അവരുടെ നടപ്പ്. ഇയർഫോൺ കൂടാതെ, സ്മാർട്ട് ഫോണുകളും, കമ്പ്യൂട്ടറുകളും, ഒക്കെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. അതേ സമയം, ഇവയൊക്കെ എങ്ങനെ ഉപയോഗിയ്ക്കണമെന്ന് നാം കൃത്യമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. നമുക്കറിയാം അല്ലാഹു നമുക്ക് കത്തികളും ലഭ്യമാക്കിയിരിക്കുന്നു. പക്ഷേ, അത് ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ നാം പഠിയ്ക്കണം. അതുപോലെ തന്നെ തീപ്പെട്ടിക്കൊളളിയുടെ കാര്യവും. ഓരോന്നും ഉപയോഗിക്കേണ്ട രീതിയിൽ, ഉപയോഗിക്കേണ്ട സമയത്ത് മാത്രം ഉപയോഗിക്കുക. പക്ഷേ, കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ, വാട്ട്സ്ആപ് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ, തുടങ്ങിവയുടെ, ഉപയോഗത്തിൽ നാം നമ്മിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തണം. ഇല്ലെങ്കിൽ അവ നമുക്ക് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിയ്ക്കും. അതെത്ര വലുതാണെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ?

ഏറെക്കാലം മുമ്പുതന്നെ നമ്മുടെ യുവതലമുറയുടെ ആരോഗ്യം സംബന്ധിച്ച് എനിയ്ക്ക് അറിവുകൾ വെളിപാടുകളിലൂടെ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇവയുടെ അമിതമായ ഉപയോഗം അനതിവിദൂരഭാവിയിൽ നിങ്ങൾക്ക് നിങ്ങളുടെ ഫോണുകൾ ഉപയോഗിക്കുവാൻ സാധിക്കാതെ വരുന്നതാണ്. വായുവിലൂടെ പകരുന്ന രോഗങ്ങളെപ്പറ്റി നിങ്ങൾ കേട്ടുതുടങ്ങും. ഈ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് ഒരു നിശ്ചിത സമയപരിധി വെയ്ക്കുക. ഓരോന്നിനും ഓരോ സമയം അനുവദിക്കുക.

അല്ലാഹു(ത) നമുക്ക് ഇസ്ലാമിൽ 5 സ്തംഭങ്ങൾ നല്കിയിരിക്കുന്നത് നോക്കൂ. 5 നേരനമസ്ക്കാരം നിർവ്വഹിയ്ക്കണമെന്ന്, അവൻ നമ്മോട് കല്പിച്ചിരിക്കുന്നു. പക്ഷേ, ഈ നമസ്ക്കാരങ്ങൾക്ക് ഓരോ നിശ്ചിത സമയം കല്പിക്കുകയും ചെയ്തിരിക്കുന്നു. നമസ്ക്കാരത്തിനും, ദിക്റിനും ഓരോ സമയം, ജോലിക്കുപോകാൻ ഒരു സമയം, കുടുംബാംഗങ്ങളെ സന്ദർശിക്കുവാനും, പരിപാലിക്കുവാനും ഒരു സമയം, അങ്ങനെ ഓരോന്നും ക്ലിപ്തപ്പെടുത്തി വേണം കൊണ്ടു

പോകാൻ. രാവിലെ ഉറക്കമുണർന്നതു മുതൽ രാത്രിയിൽ കിടക്കുന്നതുവരെ ഇവയുടെ അടിമയായിരിക്കുന്നു എന്ന് എന്നോട് പറയാതിരിക്കുക. ഈ സാങ്കേതിക ഉപകരണങ്ങൾ മുഖാന്തിരം അനേകം അപകടകരമായ കാര്യങ്ങൾ സംഭവിക്കുന്നുണ്ട്. ഇവയിലൂടെ വ്യാജവാർത്തകളും, പരസ്പര വിദ്വേഷം ജനിപ്പിക്കുന്ന കാര്യങ്ങളും പ്രചരിപ്പിക്കുന്നുണ്ട്.

എനിക്ക് അല്ലാഹുവിൽ നിന്നും ലഭിച്ച വെളിപാടുകളാണ് ഞാൻ നിങ്ങളോട് പങ്കുവെക്കുന്നത്.

നിങ്ങൾ വിശ്വസിക്കുകയോ, വിശ്വസിയ്ക്കാതിരിക്കുകയോ ചെയ്യുക. അയാൾ അസംബന്ധം പറയുകയാണെന്ന് ചിലർ പറഞ്ഞേക്കാം. പറയുന്നവർ പറയട്ടെ. ഞാൻ നിയോഗിതനായിരിക്കുന്നത് സന്ദേശം പകർന്നു നല്കുവാനാണ്. നിങ്ങൾ നിങ്ങളുടെ ആരോഗ്യത്തെപ്പറ്റി ജാഗ്രത പാലിക്കുക! എല്ലാവരും! പ്രത്യേകിച്ച് യുവതലമുറ, സദാ ഇയർഫോണുകൾ, ചെവിയിൽ തിരുകിയിരിക്കുന്നവരെ, നമുക്ക് സമൂഹത്തിൽ കാണാം. സാധാരണക്കാരായ ആളുകൾക്ക് (ഇയർഫോൺ ഉപയോഗിക്കാത്തവർ) ചിലപ്പോൾ ചില കാര്യങ്ങൾ കേൾക്കാൻ പറ്റാതെ വരാറുണ്ട്. അത് സ്വാഭാവികമായ ഒരു കാര്യം മാത്രമാണ്. എന്നാൽ യുവതലമുറയാകട്ടെ മനഃപൂർവ്വം തങ്ങളുടെ കേഴ്‌വിശക്തിയെ തടസ്സപ്പെടുത്തിക്കൊണ്ട് ചെവികളിൽ ഇയർഫോണുകൾ ഘടിപ്പിച്ചു വെച്ചിരിക്കുകയാണ്. അവർ സദാ കേൾക്കാൻ പാടില്ലാത്തതു കേൾക്കുന്നതിൽ ശ്രദ്ധയൂന്നിയിരിക്കുന്നു. ഇത്തരക്കാർ പലപ്പോഴും നമസ്ക്കാരത്തിൽ പോലും അശ്രദ്ധരായി പോകുന്നത് കാണാം. അവർ മറ്റുകാര്യങ്ങളിൽ കാണിക്കുന്നതിന്റെ നേരിയ ഒരംശം ശ്രദ്ധപോലും സ്രഷ്ടാവായ അല്ലാഹുവിനു നേരെ കാണിക്കുവാൻ അവർ മെനക്കെടുന്നില്ല. അല്ലാഹു നമ്മെ എങ്ങനെയാണ് സൃഷ്ടിച്ചിരിക്കുന്നതെന്നോ, അല്ലാഹു നമുക്ക് എന്തൊക്കെ അനുഗ്രഹങ്ങൾ ആണ് നല്കിയിരിക്കുന്നതെന്നോ അവർ ആലോചിക്കുന്നുമില്ല.

ഇപ്പോൾ അവർ ജാഗ്രതയോടെ മുഴുകിയിരിക്കുന്ന സ്മാർട്ട് ഫോണുകളും, കമ്പ്യൂട്ടറുകളും, വാട്ട്സ്ആപ് പോലെയുള്ള സമൂഹമാധ്യമങ്ങളും മറ്റൊരു തരത്തിൽ അവർക്ക് വൻവിപത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇവയെ ദുരുപയോഗം ചെയ്യു

ന്നർ ഏറെയാണ്. ഞാൻ ഇക്കാര്യത്തിൽ ഒരു പുതുമുഖം മാത്രമാകുന്നു. എത്രത്തോളമെന്നാൽ വെറും പൂജ്യം ആണ് എന്റെ കാര്യം ഇക്കാര്യത്തിൽ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാനിപ്പോഴും പേനയെ തന്നെ ആശ്രയിക്കുകയാണ് എഴുതുന്ന കാര്യത്തിൽ. ലോകത്ത് നമുക്ക് ചുറ്റും നടക്കുന്നത് കാണുമ്പോൾ അല്ലാഹു, നീ എന്നെ ശരിയായ സ്ഥാനത്ത് തന്നെ നിർത്തിയിരിക്കുകയാണ്. ഇത് കാര്യമായി അറിയാതെയിരിക്കുന്നതു തന്നെയാണ് നല്ലത്. ഇതൊരു മോശം കാര്യമാണെന്ന് ചിലർ കരുതുന്നുണ്ടാവും. സാരമില്ല, എന്റെ യജമാനനായ എന്റെ പ്രിയങ്കരരായ മുഹമ്മദ് നബി(സ), എല്ലാവർക്കും അറിയാവുന്നതുപോലെ, നിരക്ഷരനായിരുന്നു. പക്ഷേ, അല്ലാഹു, എത്ര മഹോന്നതമായ പദവിയിലാണ് അദ്ദേഹത്തെ പ്രതിഷ്ഠിച്ചത്!! സൂറ അൽ അഹ്സാബിൽ അല്ലാഹു പറയുന്നു. അദ്ദേഹത്തിന്റെ പേര് കേൾക്കുമ്പോൾ അല്ലാഹുവും, അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നതുപോലെ നിങ്ങളും അദ്ദേഹത്തിന്റെ പേര് കേൾക്കുമ്പോൾ അദ്ദേഹത്തിന് അനുഗ്രഹവും, ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി പ്രാർത്ഥിക്കുക, അങ്ങനെ പ്രാർത്ഥിക്കാത്തവർ അഹങ്കാരികൾ ആകുന്നു.

ഇത് ഞാൻ നിങ്ങളുടെ മുന്നിൽ വെക്കുന്ന ഒരപേക്ഷയാണ്. അവർ പ്രത്യേകിച്ചും (യുവതലമുറ) കമ്പ്യൂട്ടർ ഉപയോഗിക്കുന്നില്ല എങ്കിൽ, അവർ സ്മാർട്ട് ഫോണിനു മുന്നിലാണ്. സ്മാർട്ടുഫോണുകളിലും സിനിമകൾ ലഭ്യമാണ്. ഇപ്പോൾ ഫിലിം കാണാൻ ടിവിയുടെ മുൻപിൽ കുത്തിയിരിക്കണമെന്നില്ല. സ്മാർട്ടുഫോണിലെ സമൂഹമാധ്യമങ്ങൾ മുഖാന്തിരം എല്ലാ സംഗതികളും, സദാ അവർക്ക് ലഭിക്കുന്നു. ഇനി അവർ ഫോണുകൾ മാറ്റി വെച്ചാൽ, അവർ ടെലിവിഷന്റെ മുന്നിലായിരിക്കും. **ഈ ലോക്ക് ഡൗൺ കാലയളവിൽ എത്രപേർ അല്ലാഹുവിനോട് കരഞ്ഞുപ്രാർത്ഥിയ്ക്കുന്നുണ്ട്?**

ആയതിനാൽ നമ്മുടെ ജമാഅത്തിലെ യുവാക്കളും,യുവതികളും, കുട്ടികളും ഒരു കാരണവശാലും, ഈ ദുശ്ശക്തികൾക്ക് അടിമപ്പെടാൻ പാടുള്ളതല്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രയോജനപ്പെടുത്തുവനായി ഈ ആധുനിക സാങ്കേതിക വിദ്യയെ അവർ പ്രയോജനപ്പെടുത്തേണ്ടതാണ്. അവർ തങ്ങളുടെ മാതാപിതാക്കളുടെ നല്ല ഉപദേശങ്ങൾ സ്വീകരിച്ച് ഇസ്ലാമിനെ നല്ല രീതിയിൽ ജീവിതത്തിൽ

പാലിക്കുകയും ചെയ്യേണ്ടതാണ്.

അല്ലാഹു അല്ലാതെ മറ്റൊരു ദൈവത്തെ ആരാധിക്കുവാൻ പ്രേരപ്പിക്കാത്തിടത്തോളം കാലം, മക്കൾ മാതാപിതാക്കളെ അനുസരിയ്ക്കണമെന്ന് അല്ലാഹു(ത) വിശുദ്ധഖുർആനിലൂടെ നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ മറ്റ് ശക്തിയെ ആരാധിയ്ക്കുവാൻ നിർബന്ധിക്കുന്ന പക്ഷം, അത്തരക്കാരായ മാതാപിതാക്കളെ അനുസരിയ്ക്കേണ്ടതില്ല. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു നിങ്ങളെ, ദിവ്യവെളിപാടുകൾപ്രകാരം സ്ഥാപിതമായ, ഈ ജമാഅത്തിലേക്ക് തെരെഞ്ഞെടുക്കുകയും, ഈ നൂറ്റാണ്ടിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും, യഥാർത്ഥ സത്യം തിരിച്ചറിഞ്ഞ് അവന്റെ പ്രവാചകനായ, ഹസ്രത്ത് മുഹ്മദ് (സ)യുടേയും, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് ആയ ഈ വിനീതന്റേയും പ്രതീക്ഷകൾക്കൊത്ത ജീവിതം നയിയ്ക്കേണ്ടത് നിങ്ങൾക്ക് ബാധ്യതയാണ്.

അല്ലയോ കുട്ടികളേ! നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ ആദരിക്കുകയും, നിങ്ങളുടെ നന്മ ഉദ്ദേശിച്ച് നിങ്ങളോട് പറയപ്പെടുന്ന കാര്യങ്ങൾ അനുസരിയ്ക്കുകയും ചെയ്യുക. ഇസ്ലാമിൽ മാതാവിന് മഹനീയമായ സ്ഥാനമാണ് നല്കിയിരിക്കുന്നത്. പിതാവിനും അതുപോലെതന്നെ ആദരണീയമായ സ്ഥാനം നല്കിയിരിക്കുന്നു. കുട്ടികൾ തങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുകയും മറ്റുള്ളവർക്ക് മാതൃകയാകത്തക്കവിധം പെരുമാറ്റ ശീലങ്ങൾ പാലിക്കുകയും ചെയ്യണം.

ജമാഅത്ത്സഹീഹിൽ ഇസ്ലാമിലെ നിങ്ങളുടെ സാന്നിധ്യം ഒരു പരിശീലിന കാലയളവായി കരുതേണ്ടതാണ്. അത് വഴി ഒരു നല്ല മുസ്ലിം ആയി തീരുന്നതിനു വേണ്ടി. ഒരു യഥാർത്ഥ മുസ്ലിമിന്റെ കടമകളിലൊന്ന് മുതിർന്നവരെ (മാതാപിതാക്കളെ) ആദരിക്കുകയും, അനുസരിക്കുകയും, അവരെ നന്നായി പരിപാലിക്കുകയും ചെയ്യുക എന്നതാണ്.

അന്ത്യനാളിന്റെ ലക്ഷണങ്ങളിലൊന്ന്, കുട്ടികൾ മാതാപിതാക്കളെ അനാദരിക്കും എന്നതാണ്. എന്റെ പുസ്തകമായ **The prophecy concerning the coming of a prophet in the Ummah Muhammadiyya** (pbuh)ൽ 46-ാം പേജിൽ ഇതുസംബന്ധിച്ച് ഞാൻ

സൂചിപ്പിച്ചിട്ടുണ്ട്.

മറ്റൊരു വലിയ മാറ്റം ഉണ്ടാകും അതായത് ബഹുമാനം (ആദരവ്) ഇല്ലായ്മ. കുട്ടികൾ മാതാപിതാക്കളോടും, മുത്തശ്ശന്മാരോടും, മുത്തശ്ശിമാരോടും ആദരവ് പ്രകടിപ്പിക്കുകയോ, അവരോട് നന്ദി കാണിക്കുകയോ ചെയ്യാത്ത സാഹചര്യം ഉടലെടുക്കും, അവർ തങ്ങളുടെ കൂട്ടുകാരെ അനുസരിയ്ക്കും, ഇപ്പോൾ, നമ്മൾ ഈ കാര്യം നേരിൽകണ്ടു കൊണ്ടിരിക്കുകയാണ്. കൗമാരക്കാരുള്ള മിക്കവീടുകളിലേയും സ്ഥിതി ഇതുതന്നെ. കുട്ടികളുടെ ഈ അനുസരണക്കേടും, അനാദരവും നന്ദികേടും വീടുകളിൽ പ്രശ്നങ്ങൾ സൃഷ്ടിയ്ക്കുന്നു.(റിപ്പോർട്ട് അബൂ നഈം, അവലംബം **Huzaifa bin Yaman)**

ഒരു യഥാർത്ഥ വിശ്വാസി എന്ന നിലയിൽ, ഒരു സഹീഹ് അൽ ഇസ്ലാം അംഗം ഒരിയ്ക്കലും ഇപ്പറഞ്ഞതുപോലെ പെരുമാറുവാൻ പാടുള്ളതല്ല. ഈ വിഷയത്തിൽ എന്റെ നിലപാടിനെ പിന്താങ്ങുന്ന അനേകം ഖുർആൻ ആയത്തുകളും, ഹദീസുകളും എടുത്തു കാണിയ്ക്കാൻ സാധിക്കുന്നതാണ്. ആയതിനാൽ എന്റെ ജമാഅത്തിലെ കുട്ടികൾ അവർ തങ്ങളുടെ മാതാപിതാക്കളെ സ്നേഹിക്കുകയും, അവരോട് സൗമ്യമായും, സ്നേഹത്തോടെയും പെരുമാറണമെന്നും, അവരുടെ ജോലികളിൽ, പ്രത്യേകിച്ചും ദീനിപരമായ ജോലികളിലും അവർക്ക് സഹായികളായി വർത്തിയ്ക്കണമെന്നും ഞാൻ ഉപദേശിക്കുകയാണ്. നിങ്ങൾ സഹീഹ് അൽ ഇസ്ലാമിന്റെ ഭാവി വാഗ്ദനങ്ങളാണ് എന്നോർക്കുക. ഈമാൻ നിങ്ങളിൽ നിങ്ങൾ പ്രകടിപ്പിക്കുന്നില്ലായെങ്കിൽ, അതുപോലെതന്നെ, മുതിർന്നവരെ ബഹുമാനിക്കാൻ പഠിക്കുന്നില്ലാ എങ്കിൽ, അവ നിങ്ങൾക്ക് ദോഷമായി ഭവിക്കുന്നതാണ്. അല്ലാഹുവും അവന്റെ ഖലീഫത്തുല്ലാഹ്യും നിങ്ങളിൽ തൃപ്തരാവുകയോ, നിങ്ങൾക്ക് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ ലഭിക്കുകയോ ചെയ്യുന്നതല്ല.

അതുകൊണ്ട് നിങ്ങളുടെ അധീനതയിലുള്ളതെല്ലാം അല്ലാഹുവിന്റേയും അവന്റെ ഖലീഫത്തുല്ലാഹ്യുടേയും തൃപ്തി ലഭിക്കുന്നതിനായി പ്രയോജനപ്പെടുത്തുക. മാതാപിതാക്കളെ അനുസരിക്കുക. അവരെ നന്നായി സംരക്ഷിക്കുക, തുടങ്ങിയ ഇസ്ലാമിക കല്പനകൾ പാലിക്കുന്നതിലൂടെ അത് സാധ്യമാകുന്നതാണ്. നിങ്ങൾ വളരെ ചെറുതും നിസ്സഹായരും ആയിരുന്ന കാലം ഓർക്കു

ക. നിങ്ങളുടെ മാതാപിതാക്കൾ ആണ് അന്ന് നിങ്ങളെ സംരക്ഷിക്കുകയും, നിങ്ങൾക്ക് വേണ്ടുന്നതെല്ലാം നല്കി നിങ്ങളെ വളർത്തി വലുതാക്കിക്കൊണ്ടു വരികയും ചെയ്തത്.

അതുകൊണ്ട് തന്നെ നിങ്ങൾ അവരോട് വഴക്കുകൂടുകയോ, അവരോട് തറുതല പറയുകയോ ചെയ്യരുത്. പകരം അവർക്ക് വേണ്ടി - അല്ലാഹുവിന്റെ കരുണയും സ്നേഹവും, അവർക്ക് ലഭിക്കുന്നതിനുവേണ്ടി-അധികമധികമായി ദുആ ചെയ്യുക.

നിങ്ങളുടെ ദുആയിൽ നിങ്ങളുടെ മാതാപിതാക്കളെ ഒരിയ്ക്കലും മറക്കരുത്.

**റബ്ബിർറം ഹുമാ കമാ റബ്ബയാനീ സഗിറാ**

**എന്റെ നാഥാ! അവർ രണ്ടുപേരും എന്നെ ചെറുപ്രായത്തിൽ പോറ്റി വളർത്തിയതുപോലെ നീയും അവർക്ക് കരുണ ചെയ്യേണമേ!** (ബനീ ഇസ്റാഈൽ 17:25)

നിങ്ങൾ മാതാപിതാക്കളും, കുട്ടികളും എല്ലാം അവരവർക്ക് കല്പിച്ചു നല്കിയിരിക്കുന്ന അതിരുകൾ പാലിക്കുകയും, പരസ്പരസ്നേഹത്തോടും, ആദരവോടും തഖ്‌വയോടും കൂടി അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരായി മാറട്ടെ! ഇസ്ലാമിന്റെ പുരോഗതി ലക്ഷ്യമാക്കി, അല്ലാഹുവിന്റേയും അവന്റെ ഖലീഫത്തുല്ലാഹ്‌യുടേയും ആജ്ഞകൾ പാലിച്ച് വീട്ടിലും, സമൂഹത്തിലും തുടർന്ന് ലോകത്തും യഥാർത്ഥ മുസ്ലിംകൾ ആയി പ്രവർത്തിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു! ഇൻശാ അല്ലാഹ് ആമീൻ.

അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹ്, ജസാക്കല്ലാഹ്.



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*